K21P 0480

Reg. No.: ..............................

Name : ..................................

LIBRARY

# First Semester M.A. Degree (CBSS – Reg./Suppl. (Including Mercy Chance)/Imp.) Examination, October 2020
## (2014 Admission Onwards)
## MALAYALAM LANGUAGE AND LITERATURE
## MAL 1C 05 : Malayalam Literary Criticism

Time : 3 Hours Max. Marks : 80

I. ഈരണ്ടു പുറത്തിൽ കവിയാതെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതണം. (5×4=20)

1) ''ഈ അഭിപ്രായം സ്വീകാര്യമാണോ എന്ന് സംശയിക്കുന്നവർ കൊടുങ്ങല്ലൂർ കോവിലകത്തു പോയാൽ സംശയനിവൃത്തി വരത്തക്ക അനുഭവം അവർക്കുണ്ടാകുന്നതാണ്'' – സംശയമുണ്ടാകാനുള്ള സാഹചര്യം വിശദീകരിക്കുക.

2) ടി. കെ. സി. വടുതലയുടെ കഥകൾ സവർണ്ണമേധാവിത്വത്തിന്റെ ആശയ പ്രചാരണമാണ് നടത്തുന്നതെന്ന് ലേഖകൻ അഭിപ്രായപ്പെടുന്നതെന്തുകൊണ്ട് ?

3) ഇടശ്ശേരിക്കവിത കേരളീയവും ജനകീയവുമാകുന്നത് എങ്ങനെ ?

4) രണ്ട് തലമുറയിലെ എഴുത്തുകാരികളുടെ അനുഭവതലങ്ങൾ തമ്മിലല്ല – പ്രതിബദ്ധതയിലും, പ്രതികരണരീതിയിലും ഉള്ള വ്യത്യാസമാണ് സാറാജോസഫിലും മാധവിക്കുട്ടിയിലും കാണാൻ കഴിയുന്നതെന്ന് പി. ഗീത പറയുന്നത് എന്തുകൊണ്ട് ?

5) ആർ. വിശ്വനാഥന്റെ ഗദ്യശൈലിയുടെ പ്രത്യേകതകൾ വിവരിക്കുക.

II. നന്നാലു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. (5×6=30)

6) 'ഓരോ കവിതയും അതിന്റെ ആസ്വാദനത്തിന് ഉതകുന്ന ഭാവുകത്വത്തെക്കൂടി സൃഷ്ടിക്കുന്നു' എന്ന പ്രസ്താവനയുടെ അർത്ഥം എം. തോമസ് മാത്യു വിശദീകരിച്ചിരിക്കുന്നതെങ്ങനെ ?

അല്ലെങ്കിൽ

'ഗതാനുഗതികത്വത്തെക്കാൾ നവനവോല്ലേഖ കല്പനയിൽ ആണ് കവികൾ അധികം ദൃഷ്ടിവെയ്ക്കേണ്ടത്' – ഈ പ്രസ്താവനയ്ക്ക് മലയാളനിരൂപണ സാഹിത്യത്തിലുള്ള സ്ഥാനമെന്തെന്ന് വിശദമാക്കുക.

7) ജീവൽസാഹിത്യപ്രസ്ഥാനം സാഹിത്യകാരന്മാരോട് നിഷ്കർഷിക്കുന്നതെന്താണ് ?

അല്ലെങ്കിൽ

ധർമ്മരാജാ എന്ന നോവലിലെ ഭാഷാപ്രയോഗത്തെക്കുറിച്ചുള്ള സ്വദേശാഭിമാനിയുടെ വിമർശനങ്ങൾ ക്രോഡീകരിക്കുക.

P.T.O.

8) ''ചിത്രയോഗം'' പോലെയുള്ള നവീനകൃതികൾ എഴുതുന്നതിനെക്കാൾ സംസ്കൃത മഹാകാവ്യങ്ങൾ തർജ്ജമ ചെയ്യുന്നതാണ് നല്ലതെന്ന് ആശാൻ പറയാനുള്ള കാരണമെന്ത് ?

**അല്ലെങ്കിൽ**

'ഇതത്രെ, പൊതുവിൽമാന്യമായ സാമുദായിക ജീവിതമെന്ന് പറയപ്പെടുന്നതിന്റെ ഉള്ളുകള്ളി'. മാന്യത എന്തെന്ന് മാരാർ 'ലീല'യെ മുൻനിർത്തി വിശദീകരിക്കുന്നതെങ്ങനെ ?

9) അനന്യലഭ്യമായ ശബ്ദാർത്ഥത്തിലും കാവ്യാർത്ഥത്തിലും വിശ്വസിക്കുന്ന പുതിയ മലയാളകഥയുടെ പ്രതിനിധിയാണ് വി. പി. ശിവകുമാറിന്റെ 'കുളി' എന്ന കഥ – വിലയിരുത്തുക.

**അല്ലെങ്കിൽ**

ജീവിതത്തിന്റെ ചലനവുമായും ചരിത്രവുമായും ധ്വനിയെ ബന്ധിപ്പിക്കുമ്പോൾ അത് യാഥാർത്ഥ്യവുമായി അടുത്തുവരുന്നത് കാണാൻ കഴിയുമെന്ന് ലേഖകൻ പറയുന്നതെന്തുകൊണ്ട് ?

10) സംസ്കാരപഠനവും സാഹിത്യപഠനവും പരസ്പര പൂരകങ്ങളാണോ ?

**അല്ലെങ്കിൽ**

''കലയ്ക്ക് ജീവിതവുമായി ബന്ധമില്ലെങ്കിൽ അത് അജന്താഗുഹ പോലിരിക്കും'' – നെഹ്രുവിന്റെ ഈ വാക്കുകളുടെ ധ്വനി എന്ത് ?

III. ഓരോന്നിനും ആറു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. **(3×10=30)**

11) A) 'മലയാളനിരൂപണത്തിന്റെ നവോത്ഥാനഘട്ടം കവിതാനിരൂപണങ്ങളിൽ മാത്രമോ ലക്ഷ്യം വച്ചിരുന്നത്' – പ്രതികരിക്കുക.

**അല്ലെങ്കിൽ**

B) മാർക്സിയൻ പ്രത്യയശാസ്ത്രം മലയാളനിരൂപണത്തിൽ ഉണ്ടാക്കിയ സ്വാധീനം ചർച്ചചെയ്ത് ഉപന്യാസം തയ്യാറാക്കുക.

12) A) മലയാള വിമർശനത്തിലെ ഉത്തരാധുനിക സമീപനങ്ങൾ വി. സി. ശ്രീജൻ, ഡോ. എ. എം. ഉണ്ണികൃഷ്ണൻ എന്നിവരുടെ ലേഖനങ്ങളെ അടിസ്ഥാനമാക്കി വിശദീകരിക്കുക.

**അല്ലെങ്കിൽ**

B) മലയാളത്തിലെ ആദ്യകാല പത്രപ്രവർത്തനവും ഗദ്യസാഹിത്യവും മലയാളസാഹിത്യനിരൂപണത്തെ സ്വാധീനിച്ചിട്ടുണ്ടോ ? വിലയിരുത്തി ഉപന്യാസം തയ്യാറാക്കുക.

13) A) അക്കാദമിക വിമർശനത്തിനപ്പുറം നിരൂപണത്തിൽ സർഗ്ഗാത്മകതയ്ക്ക് സാദ്ധ്യതയും സ്വാതന്ത്ര്യവും നൽകിയ നിരൂപകനെന്ന നിലയിൽ കെ. പി. അപ്പന്റെ വിമർശന പദ്ധതിയെ വിലയിരുത്തി ഉപന്യസിക്കുക.

**അല്ലെങ്കിൽ**

B) വൈലോപ്പിള്ളിക്കവിതയുടെ സവിശേഷതകൾ 'ഓണപ്പാട്ടുകാരു'ടെ അവതാരികയിലൂടെ എം. എൻ. വിജയൻ വ്യക്തമാക്കിയിരിക്കുന്നതെങ്ങനെ ?